**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**<u>പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം</u>**
**<u>വീട് നിർമ്മാണത്തിന് ധനസഹായം</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1677 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. ജോർജ് എം. തോമസ്**<br>**ശ്രീ. വി. ജോയി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കുമോ; എത്ര വീടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പി.എം.എ.വൈ (ജി) പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്കാണ്. മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. പി.എം.എ. വൈ. (ജി) പദ്ധതി പ്രകാരം 2016-17, 2017-18 വർഷങ്ങളിലായി ആകെ 42,431 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പി.എം.എ.വൈ (നഗരം) പദ്ധതിയിൽ ധനസഹായം ലഭിക്കുവാനുള്ള മാനദണ്ഡങ്ങൾ ഇവയാണ്<br>a). നഗരപ്രദേശത്ത് സ്ഥിരമായി 3 വർഷക്കാലമായി കുടുംബമായി താമസിക്കുന്നവർ<br>b). വാർഷിക കുടംബ വരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ<br>c). സ്വന്തമായി സ്ഥലം ഉള്ളവർ<br>d). ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ<br>ടി പദ്ധതിയിൽ 67,953 വീടുകൾ നിർമ്മിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായുള്ള ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിന്റെ വിശദാംശവും അത് | (ബി) | പ്രധാനമന്ത്രി ആവാസ് യോജന (നഗരം) എന്ന പദ്ധതി നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ച് കൊണ്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ ഒരു |

| | | | |
|---|---|---|---|
| | പ്രകാരം എത്രപേർക്ക് വായ്പ നൽകിയെന്നും അറിയിക്കാമോ? | | ഘടകമാണ് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി (താഴ്ന്ന വരുമാനമുള്ളവർക്കും (LIG) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും (EWS) ഇടത്തരം വരുമാനം (MIG) ഉള്ളവർക്കും ഭവനം നിർമ്മിക്കുന്ന തിനായി/ ഭവനം വാങ്ങുന്നതിനായി/ ഭവനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ബാങ്കിൽ നിന്നും കുറഞ്ഞ നിരക്കിൽ വായ്പയായി നൽകുന്നു. പ്രസ്തുത പദ്ധതിപ്രകാരം താഴ്ന്ന വരുമാനമുള്ളവർക്കും സാമ്പ ത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പരമാ വധി 6 ലക്ഷം രൂപവരെ നിലവിലെ പലിശ നിരക്കിൽ നിന്നും 6.5% പലിശനിരക്ക് കുറച്ചും ഇടത്തരം വരുമാന ക്കാർക്ക് (MIG) 3%, 4% പലിശനിരക്ക് കുറച്ചും വായ്പ നൽകുന്നു. 4197 ഗുണഭോക്താക്കൾക്ക് ടി പദ്ധതി പ്രകാരം വായ്പ നൽകിയിട്ടുണ്ട്. |
| (സി) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ലക്ഷ്യമിട്ടിരിക്കുന്നത് എത്ര വീടുകളാണെന്നും ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കു ന്നത് എങ്ങനെയെന്നും അറിയി ക്കാമോ ? | (സി) | പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം 2016-17, 2017-18 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയ ഭൗതിക ലക്ഷ്യം ചുവടെ കൊടുക്കുന്നു. |

| വർഷം | ഭൗതിക ലക്ഷ്യം |
|---|---|
| 2016-17 | 32559 |
| 2017-18 | 9872 |
| **ആകെ** | **42431** |

2011-ലെ സാമൂഹിക സാമ്പത്തിക ജാതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കളെ യാണ് പി.എം.എ.വൈ (ജി) പദ്ധതിയുടെ ഗുണഭോക്താ ക്കളായി തെരഞ്ഞെടുക്കുന്നത്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 5

## ഗുണഭോക്താക്കളെ കണ്ടെത്തലും തിരഞ്ഞെടുക്കലും

4 എല്ലാവർക്കും വീട് എന്ന ലക്ഷ്യസാക്ഷാത്കാരത്തിന്റെ മൂലക്കല്ല് ഗുണഭോക്താക്കളെ നീതിപൂർവ്വവും, സുതാര്യവുമായി കണ്ടെത്തലാണ്. പി.എം.എ.വൈ.യുടെ അർഹരായ ഗുണഭോക്യത ലിസ്റ്റിൽ വിവിധ തട്ടുകളിലുള്ള മുൻഗണന നിശ്ചയിക്കും. യഥാർത്ഥത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായം കിട്ടുന്നത് ഉറപ്പാക്കുന്നതിന് SECC യിലെ വസ്തുനിഷ്ടവും പരിശോധനാ വിധേയവുമായ പാർപ്പിടമില്ലായ്മ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. 4.3

4.1 പി.എം.എ.വൈ.(ജി) യുടെ അർഹരായ ഗുണഭോക്താക്കളുടെ പട്ടികയിൽ അനുബന്ധം 1 ലെ ഒഴിവാക്കൽ / ഉൾപ്പെടുത്തൽ പ്രക്രിയയ്ക്ക് വിധേയമായി എല്ലാ ഭവനരഹിതർ, തകർന്നതും മുറികളില്ലാത്ത വീടുകളിൽ താമസിക്കുന്നവർ, ഒറ്റമുറി വീടുകളിൽ താമസിക്കുന്നവർ, രണ്ടുമുറി വീടുകളിൽ താമസിക്കുന്നവർ, എന്ന ക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്. 4.4 4.4

4.2 മേൽ ലിസ്റ്റിൽപെട്ട സ്വമേധയാ ഉൾപ്പെടുത്തൽ മാനദണ്ഡങ്ങൾ ബാധകമായിട്ടുള്ളവർക്ക് മറ്റുള്ളവരെക്കാൾ മുൻഗണന ലഭിക്കുന്നതാണ്. താഴെപ്പറയുന്ന തുല്യമൂല്യമുള്ള (equal weight) ക്ളേശഘടകങ്ങൾ കുടുംബങ്ങൾക്ക് ബാധകമാകുമ്പോൾ ലഭിക്കുന്ന ആകെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും കുടുംബങ്ങളുടെ ഉപവിഭാഗങ്ങളിലെ സ്ഥാനം

1 16 നും 59 നും ഇടയിൽ പ്രായമുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഇല്ലാത്ത കുടുംബം

2 16 നും 59 നും ഇടയിൽ പ്രായമുള്ള പ്രായപൂർത്തിയായ ഒരു പുരുഷ അംഗംപോലും ഇല്ലാത്ത സ്ത്രീ ഗൃഹനാഥയായ കുടുംബം. 4.

3 25 വയസ്സിനുമേൽ പ്രായമുള്ള സാക്ഷരതയുള്ള ഒരംഗം പോലും ഇല്ലാത്തകുടുംബം

4 ഭിന്നശേഷി ഉള്ള അംഗമുള്ളതും ശാരീരികക്ഷമതയുള്ള പ്രായപൂർത്തിയായ ആരും ഇല്ലാത്തതും ആയ കുടുംബം

5 വരുമാനത്തിന്റെ മുഖ്യപങ്കും ശാരീരിക അദ്ധ്വാനത്തിലൂടെ നേടുന്ന ഭൂമി ഇല്ലാത്ത കുടുംബം

## 4.3 മുൻഗണനാ ലിസ്റ്റുകൾ തയ്യാറാക്കൽ (Preparation of Priority List)

മുൻഗണനാ മാനദണ്ഡം ബാധകമാക്കി SC, ST, ന്യൂനപക്ഷം, മറ്റുള്ളവർ എന്നീ വിഭാഗങ്ങളിലേക്ക് അർഹരായ ഗുണഭോക്താക്കളുടെ പ്രത്യേകം മുൻഗണനാ ലിസ്റ്റുകൾ ഓരോ ഗ്രാമപഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്നു.

ആവാസ് സോഫ്റ്റ് MIS ൽ നിന്നും സിസ്റ്റം - ജനറേറ്റഡ് ആയി തയ്യാറാക്കുന്ന ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് ഡൗൺലോഡ് ചെയ്തു ഗ്രാമപഞ്ചായത്തുകൾക്ക് പരിശോധനയ്ക്കും പരസ്യപ്പെടുത്തുന്നതിനുമായി നല്കേണ്ടതാണ്.

## 4.4 മുൻഗണനാ ലിസ്റ്റിന്റെ ഗ്രാമസഭാ പരിശോധന (Verification of Priority List by Grama Sabha)

4.4.1 വിഭാഗങ്ങൾ തിരിച്ചുള്ള മുൻഗണനാലിസ്റ്റ് ലഭ്യമാക്കുകയും യഥോചിതം പരസ്യപ്പെടുത്തുകയും ചെയ്തശേഷം ഗ്രാമസഭ വിളിച്ച് ചേർക്കണം.

മുൻഗണനാ ലിസ്റ്റിലെ അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്താനായി അടിസ്ഥാനമാക്കിയ വസ്തുതകളുടെ നിജസ്ഥിതി ഗ്രാമസഭ പരിശോധനയ്ക്കു വിധേയമാക്കുന്നു. തെറ്റായി ഉൾപ്പെടുത്തപ്പെട്ടവരെയും വാസയോഗ്യമായ വീടുനിർമ്മിച്ചിട്ടുള്ളവരെയും ഏതെങ്കിലും സർക്കാർ പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളവരെയും സർവ്വേക്കുശേഷം വാസസ്ഥലം മാറിയവരേയും അനന്തരഅവകാശി ഇല്ലാതെ മരണപ്പെട്ടവരേയും ഗ്രാമസഭ പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കണം.

ഒഴിവാക്കപ്പെട്ട കുടുംബങ്ങളുടെ ലിസ്റ്റ് ഒഴിവാക്കലിനുള്ള കാരണം സഹിതം രേഖപ്പെടുത്തി ഗ്രാമസഭാ തീരുമാനത്തിന്റെ മിനിട്ട്സിന്റെ ഭാഗമാക്കണം.

4.4.2 ഏതെങ്കിലും വിഭാഗത്തിൽ ഒന്നിൽകൂടുതൽ കുടുംബങ്ങൾ തമ്മിൽ തുല്യമായി ക്ലേശ ഘടകങ്ങളുടെ മാർക്ക് വരുന്ന പക്ഷം താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നല്കിക്കൊണ്ട് ഗ്രാമസഭയ്ക്ക് കുടുംബങ്ങളെ റാങ്കുചെയ്യാവുന്നതാണ്.

## അനുബന്ധം 1

<u>ഒഴിവാക്കൽ പ്രക്രിയ</u>

**1-ാം ഘട്ടം നല്ല മേൽക്കൂരയും / ഭിത്തിയും ഉള്ള വീടുകളിൽ താമസിക്കുന്നവരെയും രണ്ടിൽ കൂടുതൽ മുറികളുള്ളവരെയും ഒഴിവാക്കുന്നു.**

**2-ാം ഘട്ടം (ആട്ടോമാറ്റിക് എക്സ്ക്ലൂഷൻ) ഒന്നാംക്രമ പ്രകാരം ഒഴിവാക്കിയവർ കഴിഞ്ഞുള്ള കുടുംബങ്ങളിൽ താഴെപ്പറയുന്ന 13 മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് ബാധകമായ എല്ലാ കുടുംബങ്ങളെയും ഒഴിവാക്കുന്നു.**

1 യന്ത്രവൽകൃത രണ്ടു ചക്രം / മൂന്നു ചക്ര / നാലുചക്ര വാഹനമോ യന്ത്രവൽകൃത മീൻപിടുത്തയാനങ്ങളോ ഉള്ളവർ

2 യന്ത്രവൽകൃത മൂന്നു ചക്ര / നാലു ചക്ര കാർഷിക ഉപകരണങ്ങൾ ഉള്ളവർ

3 50000/- രൂപയോ അതിൽകൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡുള്ളവർ

4 സർക്കാർ ജീവനക്കാർ ഉള്ള കുടുംബം

5 സർക്കാരിൽ കാർഷികേതര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ

6 പ്രതിമാസം 10000/- രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗമുള്ള കുടുംബം

7 വരുമാന നികുതി നല്കുന്ന അംഗങ്ങളുള്ള കുടുംബം

8 തൊഴിൽ നികുതി നല്കുന്നവർ ഉള്ള കുടുംബം

9 റഫ്രിജറേറ്റർ ഉള്ള കുടുംബം

10 ലാന്റ് ലൈൻ ഫോൺ ഉള്ള കുടുംബം

11 സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം

12 രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം

13 ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം.